# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജൂലൈ 8**

---

## ജലവിഭവ സംരക്ഷണത്തിന് പുത്തൻ ആശയങ്ങൾ അനിവാര്യം- രാജ്യാന്തര സമ്മേളനം

സുസ്ഥിര ജലവിഭവ സംരക്ഷണത്തിന് ഉപകരിക്കുന്ന പുത്തൻ ആശയങ്ങളും സാങ്കേതിക വിദ്യകളും ലക്ഷ്യമിട്ടുള്ള പഠനങ്ങൾക്ക് ഗവേഷകർ മുൻഗണന നൽകണമെന്ന് മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന രാജ്യാന്തര സമ്മേളനം നിർദേശിച്ചു. ശുദ്ധജല ലഭ്യത ഉറപ്പാക്കൽ ആഗോളതലത്തിൽ വലിയ വെല്ലുവിളിയായിക്കൊണ്ടിരിക്കുകയാണെന്ന് ജല ശുദ്ധീകരണവും ജലവിഭവ സംരക്ഷണവും എന്ന വിഷയത്തിൽ നടന്ന സമ്മേളനത്തിൽ പങ്കെടുത്ത വിദഗ്ധർ ചൂണ്ടിക്കാട്ടി.

വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പരിപാടി ഉദ്ഘാടനം ചെയ്തു.സർവകലാശാലയിലെ ഇൻറർനാഷണൽ ആൻറ് ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ നാനോ സയൻസ് ആൻറ് നാനോ ടെക്നോളജി(ഐഐയുസിഎൻഎൻ), സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ്, സ്വീഡനിലെ ലൺഡ് സർവകലാശാല, ഈജിപ്തിലെ നാഷണൽ റിസർച്ച് സെൻറർ എന്നിവ സംയുക്തമായാണ് ശിൽപ്പശാല സംഘടിപ്പിച്ചത്.

ജലശുദ്ധീകരണത്തിനായി ഉപയോഗിക്കുന്ന സ്തരങ്ങൾ തയ്യാറാക്കുന്നതിന് വിവിധ ശാസ്ത്ര മേഖലകൾ ചേർന്നു നടത്തുന്ന ഗവേഷണങ്ങളുടെ വിശദാംശങ്ങൾ സമ്മേളനത്തിൽ അവതരിപ്പിച്ചു

ലൺഡ് സർവകലാശാലയിലെ പ്രഫ. ഫാങ്ക് ലിപ്നിസ്കി, ഈജിപ്തിൽനിന്നുള്ള പ്രഫ. മാർവ ഷലാബി, ഐഐയുസിഎൻഎൻ ഡയറക്ടർ പ്രഫ. സാബു തോമസ് എന്നിവർ പ്രഭാഷണം നടത്തി. നേരിട്ടും ഓൺലൈനിലുമായി പരിപാടിയിൽ പങ്കെടുത്ത വിവിധ രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ അതത് മേഖലകളിൽ ജലശുദ്ധീകരണത്തിൽ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ചും വിശദീകരിച്ചു. ഓർഗനൈസിംഗ് സെക്രട്ടറി ഡോ. ഹന്ന ജെ. മരിയ, ഡോ. രഹ്ന പി.ഉമ്മർ എന്നിവരും സംസാരിച്ചു.

ഫോട്ടോ ക്യാപ്ഷൻ...

ജല ശുദ്ധീകരണവും ജലവിഭവ സംരക്ഷണവും എന്ന വിഷയത്തിൽ മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന രാജ്യാന്തര സമ്മേളനം വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ/39/570/2024)

## പി ജി,ഓണേഴ്സ് ബിരുദം;
## പ്രത്യേക അലോട്ട്മെൻറിന് രജിസ്റ്റർ ചെയ്യാം

എം.ജി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ബിരുദാനന്തര ബിരുദ, ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിന് പട്ടിക ജാതി,പട്ടിക വർഗ വിഭാഗക്കാർക്കായുള്ള പ്രത്യേക അലോട്ട്മെന്റിന് ജൂലൈ പത്തുവരെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താം.

പട്ടിക ജാതി,പട്ടിക വർഗ വിഭാഗക്കാരല്ലാത്തവർക്കും പ്രത്യേക അലോട്മെന്റിന് അപേക്ഷിക്കാം. ആദ്യ മൂന്ന് അലോട്ട്മെന്റ് പട്ടികകളിൽ ഉൾപ്പെടാത്തവരും അലോട്ട്മെന്റ് ലഭിച്ചശേഷം അഡ്മിഷൻ എടുക്കാത്തവരും ഇതുവരെ അപേക്ഷിക്കാത്തവരും ഉൾപ്പെടെയുള്ളവർക്ക് പുതിയതായി ഓപ്ഷൻ നൽകുകയും രജിസ്ട്രേഷൻ നടത്തുകയും ചെയ്യാം.

(പി.ആർ.ഒ/39/571/2024)

## ലാബ് ടെക്നീഷ്യൻ കരാർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഹെൽത്ത് സെന്ററിൽ ലാബ് ടെക്നീഷ്യൻ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ബി.എസ്സി എം.എൽ.ടി. യോഗ്യതയുള്ളവരെയാണ് പരിഗണിക്കുന്നത്. ബയോഡേറ്റയും രേഖകളും soada3@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലേക്ക് ജൂലൈ 15 വരെ അയയ്ക്കാം. ഫോൺ- 0481 2733240. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/572/2024)

## കൗൺസിലർമാരുടെ
## വിവരങ്ങൾ നൽകണം

കോളേജ് യുണിയൻ തെരഞ്ഞെടുപ്പിൽ (2023-2024 അദ്ധ്യയന വർഷം) കൗൺസിലർമാരായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ സർവകലാശാലയിൽ സമർപ്പിച്ചിട്ടില്ലാത്ത എല്ലാ അഫിലിയേറ്റഡ് കോളേജുകളും ജൂലൈ 15 ന് മുൻപ് നൽകണം. കൗൺസിലർമാരുടെ വിവരങ്ങൾ, പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ രണ്ട് ഫോട്ടോകൾ അടങ്ങിയ നിർദിഷ്ട പ്രെഫോമ, കോളേജ് തിരിച്ചറിയൽ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവയാണ് നൽകേണ്ടത്.

(പി.ആർ.ഒ/39/573/2024)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആന്റ് റോബോട്ടിക്സിൽ എംഎസ്സി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ് പ്രോഗ്രാമിൽ എസ്‌സി വിഭാഗത്തിന് സംവരണം ചെയ്യപ്പെട്ട ഒരു സീറ്റ് ഒഴിവുണ്ട്. അർഹരായ വിദ്യർഥികൾ അസ്സൽ രേഖകളുമായി ജൂലൈ 12ന് രാവിലെ പത്തിന് വകുപ്പ് ഓഫീസിൽ(റൂം നമ്പർ 514 കൺവർജൻസ് അക്കാദമിയ കോംപ്ലക്സ്) എത്തണം. ഫോൺ-0481 2733387

....................................................

മഹാത്മാ ഗാന്ധി സർവകലാശാലയിലെ കെ.എൻ. രാജ് സ്കൂൾ ഓഫ് ഇക്കണോമികസിൽ എംഎ ഇക്കണോമികസ് പ്രോഗ്രാമിൽ പട്ടികജാതിക്കാർക്കായി സംവരണം ചെയ്ത സീറ്റിൽ ഒഴിവുകളുണ്ട്. അർഹരായവർ ജൂലൈ 12ന് രാവിലെ 11ന് അസ്സൽ രേഖകളുമായി കൺവർജൻസ് അക്കാദമിയ കോംപ്ലകസിലെ ഓഫീസിൽ എത്തണം.

(പി.ആർ.ഒ/39/574/2024)

## വൈവ വോസി

നാലാം സെമസ്റ്റർ എംഎ തമിഴ് (സി.എസ്.എസ് 2022 അഡ്മിഷൻ റെഗുലർ, 2019, 2020, 2021 അഡ്മിഷൻ റീ അപ്പീയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ പ്രോജക്റ്റ്, വൈവ വോസി പരീക്ഷകൾ ജൂലൈ 24 ന് കോളേജുകളിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/575/2024)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ എംഎസ്സി മാത്ത്മാറ്റിക്സ് (2022 അഡ്മിഷൻ റെഗുലർ, 2019, 2020, 2021 അഡ്മിഷനുകൾ റീ അപ്പീയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ പത്തു മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ

....................................................

നാലാം സെമസ്റ്റർ എംഎസ്സി മോളിക്യൂലാർ ബയോളജി ആന്റ് ജനറ്റിക് എൻജിനീയറിംഗ് സിഎസ്എസ് (2022 അഡ്മിഷൻ റെഗുലർ, 2019, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 22ന് ആരംഭിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

....................................................

നാലാം സെമസ്റ്റർ ബിവോക്ക് ബിസിനസ് അക്കൗണ്ടിംഗ് ആന്റ് ടാക്സേഷൻ (2023 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പീയറൻസ് പുതിയ സ്കീം മെയ് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 17ന് ആരംഭിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

....................................................

മൂന്നാം സെമസ്റ്റർ എംഎസ്സി മെഡിക്കൽ ബയോകെമിസ്ട്രി (2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2020 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2016,2017 അഡ്മിഷൻ മെഴ്സി ചാൻസ് ജൂൺ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 23 മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ

....................................................

അഞ്ചാം സെമസ്റ്റർ എഎസ്സി മെഡിക്കൽ ബയോകെമിസ്ട്രി (2021 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2020 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2016, 2017 അഡ്മിഷനുകൾ മെഴ്സി ചാൻസ് ജൂൺ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 29 മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ

(പി.ആർ.ഒ/39/576/2024)

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ എംഎസ്സി കമ്പ്യൂട്ടർ സയൻസ് (ഡാറ്റാ അനലറ്റിക്സ്) പിജിസിഎസ്എസ് (2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ് 2019, 2020, 2021, 2022 അഡ്മിഷൻ സപ്ലിമെന്ററി ഡിസംബർ 2023 ) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജൂലൈ 20 വരെ ഓൺലൈനിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

....................................................

ഒന്നാം സെമസ്റ്റർ എംഎസ്സി സൈക്കോളജി റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി, ഡിസംബർ 2023 പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജൂലൈ 22 വരെ ഓൺലൈനിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

....................................................

ഒന്നാം സെമസ്റ്റർ പിജിസിഎസ്എസ് മാസ്റ്റർ ഓഫ് സയൻസ് ഇൻ സൈബർ

ഫോറൻസിക്സ് ( റെഗുലറും സപ്ലിമെന്ററിയും ഡിസംബർ 2023) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജൂലൈ 22 വരെ ഓൺലൈനിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

....................................................

ഒന്നാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎ സംസ്കൃത സ്പെഷ്യൽ റിവൈസ്ഡ്, ന്യായ, സാഹിത്യ, വേദാന്ത, വ്യാകരണ (2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019, 2020, 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി ) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജൂലൈ 22 വരെ ഓൺലൈനിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

.....................................................

രണ്ടാം സെമസ്റ്റർ എം.എ മലയാളം ((പി.ജി.സി.എസ് എസ് 2017,2018 അഡ്മിഷനുകൾ സപ്ലിമെന്ററി, 2014, 2015, 2016 അഡ്മിഷനുകൾ മെഴ്സി ചാൻസ് ഓഗസ്റ്റ് 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജൂലൈ 22 വരെ ഓൺലൈനിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

....................................................

ഒന്നാം സെമസ്റ്റർ എംഎസ്സി ഡാറ്റാ അനലിറ്റിക്സ് (2023 അഡ്മിഷൻ റെഗുലർ 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019, 2020, 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജൂലൈ 22 വരെ ഓൺലൈനിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/577/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**